ആധുനിക നാഗരികത പ്രസരിപ്പിക്കുന്ന ആർത്തിയുടെയും അതിവേഗത്തിന്റെയും അമിതാധികാരത്തിന്റെയും ഹിംസയുടെയും ഉന്മാദങ്ങളെ ചെറുതിൽ, ലളിതമായതിൽ, ജൈവികമായതിൽ, നൈതികമായതിൽ ആനന്ദം കണ്ടെത്താനുള്ള മനുഷ്യന്റെ സഹജവാസനകളെ വികസിപ്പിച്ചുകൊണ്ട് നേരിടാമെന്ന് പറയുന്ന ഗാന്ധിജിയുടെ ഹിന്ദ്സ്വരാജ് തന്നെയാണ് ആഗോള താപനത്തിന് മറുപടിയെന്ന് **സണ്ണിപൈകട**

# ആഗോള താപനം ഹിന്ദ്സ്വരാജാണ് മറുപടി

ആഗോളതാപനത്തെക്കുറിച്ച് നടക്കുന്ന ചർച്ചകൾക്കിടയിൽ ചിലർ ഉന്നയിക്കുന്ന മുദ്രാവാക്യമാണ് ആഗോളതാപനത്തിന് മരമാണ് മറുപടി എന്ന്. ഈ വിഷയം സംബന്ധിച്ച സ്കൂൾ കുട്ടികളുടെ ഒരു ഉപന്യാസമത്സരത്തിൽ കൊയിലാണ്ടിയിലെ എട്ടാം ക്ളാസുകാരിയായ സ്നേഹ വി.ആർ. ഒരു തിരുത്ത് കൊടുത്തു. ആഗോളതാപനം ചർക്കയാണ് മറുപടി എന്നായിരുന്നു ആ തിരുത്ത്. ഈ ലേഖനത്തിന്റെ തലക്കെട്ട് ആഗോളതാപനം ഹിന്ദ്സ്വരാജാണ് മറുപടി എന്നാക്കിയത് സ്നേഹയുടെ തിരുത്തിന്റെ പശ്ചാത്തലത്തിലാണ്

ഗാന്ധിജി 100 വർഷം മുമ്പെഴുതിയ ഗ്രന്ഥമാണ് ഹിന്ദ്സ്വരാജ്. പേജുകളുടെ എണ്ണത്തിന്റെ അർത്ഥിൽ ഇതൊരു ചെറുഗ്രന്ഥമാണ്.ഹിന്ദ്സ്വരാജിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങളാവട്ടെ ഏറെ വലിയവയും. ഹിന്ദ്സ്വരാജിലൂടെ ഗാന്ധിജി മുന്നോട്ട്വച്ച ദർശനങ്ങളുടെ ഒരു പ്രതീകമാണ് ചർക്ക.ഈ ചർക്ക എങ്ങനെയാണ് ആഗോളതാപനത്തിന് മറുപടിയാകുന്നത്.ഈ ചേദ്യത്തിന്റെ ഉത്തരം,എന്തുകൊണ്ടാണ് കോപ്പൺഹേഗനിൽ ലോകരാഷ്ട്രങ്ങളുടെ ഭരണാധികൾക്ക് ആഗോളതാപനത്തിന്റെ രൂക്ഷതകുറയ്ക്കാൻ കഴിയുന്ന വിധത്തിലുള്ള ഒരു ധാരണയിലെത്താൻ കഴിയാതിരുന്നത് എന്ന ചോദ്യത്തിന്റെ കൂടി ഉത്തരമാണ്.

ആഗോളതാപനം എന്ന പദം ആരും കേൾക്കാത്ത ഒരു കാലഘട്ടത്തിൽ,100 കൊല്ലം മുമ്പ്, ഹിന്ദ്സ്വരാജിൽ ഗാന്ധിജി എഴുതി, (ആധുനിക) പരിഷ്കാരം അന്വേഷിക്കുന്നത് ശാരീരിക സുഖങ്ങളാണ്. അങ്ങനെ ചെയ്യുന്നതിൽ പോലും അത് ദയനീയമായി പരാജയപ്പെട്ടിരിക്കുന്നു. ഈ പരിഷ്കാരം സ്വയം നശിക്കും. ക്ഷമയോടെ കാത്തിരുന്നാൽ കാണാമത് .

ആഗോളതാപനത്തിന് യാഥാർത്ഥ്യബോധത്തോടെ പരിഹാരം അന്വേഷിക്കാൻ അമാന്തിക്കുന്ന ഭരണകർത്താക്കൾ ഹിന്ദ്സ്വരാജിന്റെ 100-ാം വർഷത്തിലും ശാരീരിക സുഖങ്ങളുടെ പരിഷ്കാരസ്വപ്നങ്ങളുടെ തടവറയിലാണ്. എന്നാൽ ഈ ശാരീരിക സുഖങ്ങളുടെ പരിഷ്കാരമാകട്ടെ ലോകജനതയുടെ ചെറിയൊരു വിഭാഗത്തിനു മാത്രമാണ് സുഖം പ്രദാനം ചെയ്തിട്ടുള്ളത്. ആ സുഖം തന്നെ ശരിയായ സുഖമാണോ എന്നതും തർക്കവിഷയമാണ്. ആ തർക്കത്തിലേക്ക് ഇവിടെ കടക്കുന്നില്ല. ഈ വികസന പരിഷ്കാരങ്ങൾ ലോകജനതയുടെ മഹാഭൂരിപക്ഷത്തിനും പ്രാഥമിക ശാരീരിക സുഖം പോലും നിഷേധിക്കുന്നു എന്ന സത്യം ഹിന്ദ്സ്വരാജിൽ ഗാന്ധി 100 വർഷം മുമ്പ് പറഞ്ഞ സത്യം തന്നെയാണ്. ഈ പരിഷ്കാരം സ്വയം നശിക്കുമെന്ന ഗാന്ധിയുടെ നൂറ്റാണ്ട് പഴക്കമുള്ള പ്രവചനം യാഥാർത്ഥ്യമാകുന്നതിന്റെ സൂചനയാണ് ആഗോളതാപനം.

ആധുനിക നാഗരികതയ്ക്കൊരു വിയോജനക്കുറിപ്പ് എന്ന നിലയിൽ എഴുത

പ്പെട്ട ഹിന്ദ്സ്വരാജിൽ മനുഷ്യനും പ്രകൃതിക്കും താങ്ങാവുന്ന സുസ്ഥിരമായ ഒരു നാഗരികതയെക്കുറിച്ചുള്ള ദർശനം ഗാന്ധിജി വ്യക്തമാക്കുന്നുണ്ട്. ആ ദർശനത്തിന്റെ ഉറച്ച അസ്തിവാരത്തിൽ ചവിട്ടി നിന്നുകൊണ്ടാണ് ഗാന്ധിജി ആധുനിക നാഗരികതയുടെ ചിഹ്നങ്ങളെ–ആധുനിക വൈദ്യത്തെ (ഡോക്ടർ), നീതിന്യായ സംവിധാനങ്ങളെ (വക്കീൽ), കേന്ദ്രീകൃത അധികാര ഘടനയെ (പാർലമെന്റ്), അമിത വേഗതയെ (റയിൽവേ),യന്ത്രഭ്രാന്തനെ, വിചാരണ ചെയ്യുന്നത്. ഒരു നൂറ്റാണ്ട് മുമ്പ് ഗാന്ധി നടത്തിയ ആ വിചാരണകളെ പോയ നൂറ്റാണ്ടിന്റെ അനുഭവങ്ങളെയും ഇന്ന് നാം എത്തി നിൽക്കുന്ന ആഗോളതാപനം ഉൾപ്പെടെയുള്ള പ്രതിസന്ധികളുടെയും പശ്ചാത്തലത്തിൽ മനസ്സിലാക്കാൻ ശ്രമിക്കേണ്ടതുണ്ട്. അങ്ങനെ മനസ്സിലാക്കൻ ശ്രമിക്കുന്നത് ഏതെങ്കിലും ഒരു രംഗത്തെ പ്രതിസന്ധികൾക്കുള്ള പരിഹാരം മാത്രം തേടിക്കൊണ്ടാവരുത്. കാരണം ഗാന്ധിജി ജനജീവിതത്തിന്റെ ഓരോ രംഗത്തെയും ഹിന്ദ്സ്വരാജിൽ വിലയിരുത്താൻ ശ്രമിച്ചിട്ടുള്ളത് ഒരു നാഗരികതയുടെ ഭാഗമെന്ന നിലയിൽ അതിനെ തൊട്ടറിഞ്ഞുകൊണ്ടാണ്.

ഉദാഹരണത്തിന് ആധുനിക വൈദ്യത്തെ കുറിച്ചുള്ള ഗാന്ധിയുടെ വിമർശനങ്ങൾ ഇന്ന് പ്രകൃതി ചികിത്സ പോലുള്ള ബദൽ ആരോഗ്യ സംസ്കാരത്തിനായി പ്രവർത്തിക്കുന്നവർ ഏറെ വില മതിക്കുന്നുണ്ട്. എന്നാൽ ഇക്കാര്യത്തിലുള്ള ഗാന്ധിയുടെ നിരീക്ഷണങ്ങൾ കേവലം ആരോഗ്യ രക്ഷയുടെ തലത്തിൽമാത്രം ഒതുങ്ങി നിൽക്കുന്ന ഒന്നല്ല. ആധുനിക വൈദ്യത്തെക്കുറിച്ചുള്ള ഗാന്ധിയൻ വിമർശനങ്ങളിൽ ആഗോളതാപനത്തെ നേരിടുന്നതിനുള്ള ഒരു വഴിയും ഉൾച്ചേർന്നിട്ടുണ്ട്. ഇത് മനസ്സിലാക്കാൻ ഹിന്ദ്സ്വരാജിൽ ഗാന്ധിജി ഡോക്ടർമാരെക്കുറിച്ചും ആശുപത്രികളെക്കുറിച്ചും പറയുന്നത് ശ്രദ്ധിക്കുക.

ഡോക്ടറുടെ പണിയെന്താണ്? ശരീര സംരക്ഷണം. കൃത്യമായി പറഞ്ഞാൽ ഇതുമല്ല. ശരീരത്തെ ബാധിക്കുന്ന രോഗങ്ങളിൽനിന്നുള്ള മോചനമാണയളുടെ കൃത്യം. എങ്ങനെയാണ് ഈ രോഗങ്ങൾ ഉണ്ടാവുന്നത്. സുഖലോലുപതയിൽ നിന്നോ അശ്രദ്ധയിൽ നിന്നോ ആണ് രോഗങ്ങളുടെ പിറവി. പാപം പ്രചരിപ്പിക്കുന്ന സ്ഥാപനങ്ങളാണ് ആശുപത്രികൾ. ആരോഗ്യ സംരക്ഷണം സ്വന്തം ചുമതലയാണെന്ന് ആളുകൾ ഇവിടെ മറക്കുന്നു.

സുഖലോലുപതയെ താലോലിച്ചുകൊണ്ട് ഈ മറവിയെ സ്ഥാപനവൽക്കരിച്ചും വാണിജ്യവൽക്കരിച്ചുമാണ് ആധുനിക വൈദ്യമേഖല ഇന്ന് മുന്നോട്ട് പോകുന്നത്. ഈ മുന്നോട്ട് പോക്കിനിടയിൽ നടന്നുകൊണ്ടിരിക്കുന്ന പ്രക്രിയകളുടെ വൈപുല്യവും അതിന്റെ പ്രത്യാഘാതങ്ങളും ശരിയായി മനസ്സിലാക്കാൻ ശ്രമിച്ചാൽ ഈയൊരു മേഖല മാത്രം ആഗോള താപനത്തിനു നൽകുന്ന സംഭാവന എത്ര വലുതാണെന്ന് വ്യക്തമാകും. കൂറ്റൻ മരുന്നു നിർമ്മാണ ശാലകൾ, ഗവേഷണശാലകൾ, പരസ്യങ്ങൾ, വിപണന സംവിധാനങ്ങൾ, വൈദ്യപരിശീലന സ്ഥാപനങ്ങൾ, വൈദ്യശാസ്ത്ര ഉപകരണ നിർമ്മാണശാലകൾ, ആശുപത്രി മന്ദിരങ്ങൾ, മരുന്നുകളുടെയും ഉപകരണങ്ങളുടെയും ട്രാൻസ്പോർട്ടിംഗ്, രോഗികളുടെയും ആരോഗ്യപ്രവർത്തകരുടെയും യാത്രാ സംവിധാനങ്ങൾ, ഇതിനെല്ലാം ആവശ്യമായ ഊർജ്ജോൽപ്പാദനം, മേൽസൂചിപ്പിച്ച ഓരോന്നിന്റെയും രംഗത്തുണ്ടാവുന്ന ഹരിതഗൃഹവാതകങ്ങളുടെ പുറംതള്ളൽ ഉൾപ്പെടെയുള്ള മലിനീകരണങ്ങൾ, എല്ലാം ഒന്നൊന്നിനോട് ചേർത്ത് വെച്ച് വിലയിരുത്തപ്പെടണം. അങ്ങനെ വിലയിരുത്തുമ്പോൾ ഗാന്ധി കലഹിച്ച ആധുനിക നാഗരികതയുടെ ഒരു മുഖമായ ആധുനിക വൈദ്യം മാത്രം ആഗോള താപനത്തിൽ വഹിക്കുന്ന പങ്ക് എത്രെയെന്ന് വ്യക്തമാകും.

പാർലമെന്റിനെ പ്രതീകമാക്കിക്കൊണ്ട് ഗാന്ധിജി വിമർശിച്ച കേന്ദ്രീകൃത അധികര ഘടനയുടെ നാനാവശങ്ങൾ പരിശോധിച്ചാൽ മനസ്സിലാവുന്നത് കേന്ദ്രീകൃതമായി രാഷ്ട്രീയ അധികാരം വിനിയോഗിക്കുന്ന സമ്പ്രദായവും ആഗോളതാപനത്തിന് ഗണ്യമായ സംഭാവന നൽകുന്നു എന്നുതന്നെയാണ്. ഇന്നത്തെ നീതിന്യായ സംവിധാനത്തെ വിലയിരുത്തിക്കൊണ്ട് വക്കീലന്മാരെ ഗാന്ധി വക്കീൽ പ്രതിക്കൂട്ടിൽ കയറ്റുന്നതിന്റെ ആന്തരിക അർത്ഥം തിരഞ്ഞാലും റയിൽവെയെ പ്രതീകമാക്കിക്കൊണ്ട് മനുഷ്യന്റെ അർത്ഥമില്ലാത്ത അതിവേഗ സഞ്ചാരങ്ങൾക്കുനേരെയുള്ള ഗാന്ധിയുടെ പരിഹാസച്ചിരി പരിശോധിച്ചാലും നാം അവിടെയെല്ലാം ആഗോളതാപനത്തിനുള്ള കാരണങ്ങളും പരിഹാരങ്ങളും കാണുന്നുണ്ട്.

ഇന്ന് ഭരണാധികാരികൾ വികസനം എന്ന് പറയുന്നത് ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെയുള്ള വൈദ്യസമ്പ്രദായത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കലാണ്; കേന്ദ്രീകൃത അധികാര ഘടനയുടെ വ്യാപ്തിയും ശേഷിയും പ്രത്യക്ഷമായും പരോക്ഷമായും വർദ്ധിപ്പിക്കലാണ്; നീതിന്യായ സംവിധാനം കൂടുതൽ വ്യാപകമാക്കുന്നതാണ്; ഇതിനെല്ലാം വേണ്ടി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതാണ്. ഈ പ്രവർത്തനങ്ങൾക്കെല്ലാം വേണ്ടിയാണ് കാർഷിക വ്യാവസായിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നത്. അതിനു വേണ്ടിയാണ് കൂറ്റൻ യന്ത്രസംവിധാനങ്ങൾ രൂപകൽപ്പന ചെയ്യുന്നത്. ഇതിന്റെയെല്ലാം സ്വാഭാവിക പരിണതിയാണ് വിഭവങ്ങൾക്കും വിപണിക്കും വേണ്ടിയുള്ള മത്സരങ്ങൾ. ഈ മത്സരങ്ങൾ രാജ്യങ്ങൾ തമ്മിലുള്ള യുദ്ധങ്ങളിലേക്ക് വളരുന്നു. പ്രതിരോധ വ്യവസായം എന്ന യുദ്ധവ്യവസായം പ്രത്യക്ഷത്തിൽ തന്നെ സൃഷ്ടി ലക്ഷ്യം വെച്ചുള്ളതല്ല, സംഹാരം ലക്ഷ്യം വെച്ചുള്ളതാണ്. ഇവിടെ സൂചിപ്പിക്കപ്പെട്ട പരസ്പരബന്ധിതങ്ങളായ എല്ലാ വികസന പ്രക്രിയകളുടെയും ഓരോ ഘട്ടത്തിലും ആഗോളതാപനത്തിന് ഹേതുവാകുന്ന ഹരിതഗൃഹവാതകങ്ങൾ പുറംതള്ളപ്പെടുന്നുണ്ട് എന്ന് വ്യക്തമാണ്. ഈ പ്രക്രിയകളിൽ ഏതെങ്കിലും ചിലത് മാത്രം അവസാനിപ്പിക്കാനോ കുറക്കാനോ ഒരു ഭരണാധികരിക്കും എളുപ്പമല്ല.

ഈ വിധത്തിലെല്ലാം ആധുനിക നാഗരികത പ്രസരിപ്പിക്കുന്ന ആർത്തിയുടെയും അതിവേഗത്തിന്റെയും അമിതാധികാരത്തിന്റെയും ഹിംസയുടെയും ഉന്മാദങ്ങളെ ചെറുതിൽ, സമീപസ്ഥമായതിൽ, ലളിതമായതിൽ, ജൈവികമായതിൽ, നൈതികമായതിൽ, ആനന്ദം കണ്ടെത്താനുള്ള മനുഷ്യന്റെ സഹജവാസനകളെ വികസിപ്പിച്ചുകൊണ്ട് നേരിടാമെന്ന് ഗാന്ധിജി ഹിന്ദ്സ്വരാജിലൂടെ സമർത്ഥിക്കുന്നു. ചർക്ക ഈഅർത്ഥത്തിലാണ് ആഗോളതാപനത്തിന് മറുപടിയാകുന്നത് ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം ഇതാണ് ശരിയായ പരിഷ്കാരം. മനുഷ്യന് കർത്തവ്യത്തിന്റെ പാത വ്യക്തമാക്കിക്കൊടുക്കുന്ന പെരുമാറ്റ ശൈലിയാണ് പരിഷ്കാരം എന്ന് ഗാന്ധിജി ഹിന്ദ്സ്വരാജിൽ പറയുന്നു. സത്യം, അഹിംസ തുടങ്ങിയ സനാതനമായ മൂല്യങ്ങളെ ഈ പശ്ചാത്തലത്തിൽ വേണം വിലയിരുത്താൻ. അതുകൊണ്ടുതന്നെ ആധുനിക നാഗരികതയുടെ ചലനനിയമങ്ങളും സമവാക്യങ്ങളും അനുസരിച്ച് മാത്രം പ്രവർത്തിക്കു

**മനുഷ്യന് കർത്തവ്യത്തിന്റെ പാത വ്യക്തമാക്കിക്കൊടുക്കുന്ന പെരുമാറ്റ ശൈലിയാണ് ശരിയായ പരിഷ്കാരം എന്ന ഗാന്ധിയുടെ നിർവ്വചനം ഉൾക്കൊള്ളുന്ന ഒരു പരിഷ്കാരത്തിലേക്ക് മാനവരാശിക്ക് മുന്നേറാനാവുമോ എന്ന സംശയത്തിനുത്തരം ഹിന്ദ്സ്വരാജിലുണ്ട്**



ന്ന ലോകരാഷ്ട്രങ്ങളിലെ ഭരണകർത്താക്കൾ കൂടിയാലോചിച്ച് ആഗോളതാപനത്തിന് പരിഹാരം കണ്ടെത്തുമെന്ന് പ്രതീക്ഷിക്കുന്നതിൽ അർത്ഥമില്ല. ജനകീയ തലത്തിൽ ഈ പ്രതിസന്ധിക്ക് പരിഹാരം അന്വേഷിക്കേണ്ടതുണ്ട്. ആധുനിക നാഗരികതയുടെ ആകർഷണവലയത്തിൽനിന്നും പുറത്ത് കടന്നുകൊണ്ട് മനുഷ്യനും പ്രകൃതിക്കും താങ്ങാവുന്നതും സുസ്ഥിരവും ലളിതവും സ്വാഭാവികവുമായ സമ്പ്രദായങ്ങൾകൊണ്ട് നിലവിലുള്ള വിനാശസമ്പ്രദായങ്ങളെ മാറ്റിമറിക്കുകയല്ലാതെ ആഗോളതാപനത്തെ നേരിടാൻ കുറുക്കുവഴികളില്ല. ഈ ലക്ഷ്യത്തിലേക്ക് ചുവടുകൾ വയ്ക്കുന്ന രാഷ്ട്രീയ പ്രവർത്തനമാണ് ഇന്നത്തെ ശരിയായ രാഷ്ട്രീയ പ്രവർത്തനം. ഈ രാഷ്ട്രീയ പ്രവർത്തനം ഒരേ സമയം സാംസ്കാരിക പ്രവർത്തനവും ശരിയായ വികസന പ്രവർത്തനവും ആധ്യാത്മിക അന്വേഷണവുമാണ്. ചുരുക്കിപ്പറഞ്ഞാൽ ആഗോളതാപനത്തിനുള്ള പരിഹാരം ഭരണാധികാരികളുടെ ഉച്ചകോടികളിൽ നിന്നുണ്ടാവുന്ന ഭരണ നടപടികളല്ല. മറിച്ച് ജനകോടികളുടെ ജീവിത ഇടങ്ങളിൽനിന്നുണ്ടാകുന്ന സാംസ്കാരിക മുന്നേറ്റങ്ങളാണ്. ഹിന്ദ്സ്വരാജ് അത്തരം സാംസ്കാരിക മുന്നേറ്റങ്ങൾക്കായുള്ള വഴിവിളക്കാണ്.

ജനജീവിതത്തിന്റെ എല്ലാ രംഗങ്ങളെയും സ്പർശിക്കുന്ന മാറ്റങ്ങൾ അനിവാര്യമാണ്. കാർഷിക വ്യാവസായിക പ്രവർത്തനങ്ങളിൽ ഉപഭോഗശൈലികളിൽ, സാങ്കേതിക വിദ്യകളിൽ, രാഷ്ട്രീയ അധികാര ഘടനയിൽ, വിദ്യാഭ്യാസ ആരോഗ്യരംഗങ്ങളിൽ എല്ലാം മൗലികമായ മാറ്റങ്ങൾ ഉണ്ടാവണം. ഓരോ രംഗങ്ങളിലും ഉണ്ടാവേണ്ട മാറ്റങ്ങളുടെ ദിശയെക്കുറിച്ച് ഹിന്ദ്സ്വരാജിൽ വ്യക്തതയുണ്ട്. ഓരോ പ്രദേശത്തിന്റെയും കാലത്തിന്റെയും പ്രത്യേകതകൾ കൂടി കണക്കിലെടുത്ത് മാറ്റങ്ങളുടെ രൂപഭാവങ്ങൾ ജനകീയമായി വികസിപ്പിച്ചെടുക്കണം. ഹിന്ദ്സ്വരാജിന്റെ കാലാനുസൃതമായ പുനർവായനകൊണ്ടേ ഇത് സാധ്യമാവൂ. അത്തരം ഒരു പുനർവായനയിൽ പ്രകൃതിയുടെ താളവും ലയവും ഉൾക്കൊള്ളുന്ന വികസന സ്വപ്നങ്ങൾ, എല്ലാവരുടെയും ന്യായമായ ആവശ്യങ്ങൾ കണക്കിലെടുക്കുന്ന സാമ്പത്തിക പ്രവർത്തനങ്ങൾ, ചെറുകിട-ഇടത്തരം യന്ത്രങ്ങളെ മാത്രം ഉപയോഗിക്കുന്ന ഉൽപ്പാദന പ്രവർത്തനങ്ങൾ ഉൽപ്പാദകനും ഉപഭോക്താവും തമ്മിലുള്ള അകലവും അന്തരവും പരമാവധി കുറയ്ക്കുന്ന സ്വദേശി സങ്കൽപ്പം യാഥാർത്ഥ്യമാക്കൽ അടിത്തട്ടിൽ പങ്കാളിത്ത ജനാധിപത്യവും ഉപരിതലങ്ങളിൽ അടിത്തട്ടിൽ നിന്ന് നിയന്ത്രിക്കാവുന്ന പ്രാതിനിധ്യ ജനാധിപത്യവും, പരസ്പര ബഹുമാനത്തോടെയുള്ള സംവാദങ്ങളിലൂടെയും കൊടുക്കൽ വാങ്ങലുകളിലൂടെയും നിലനിൽക്കുന്ന വ്യക്തിബന്ധങ്ങളും ജനതകൾ തമ്മിലുള്ള ബന്ധങ്ങളും എല്ലാമെല്ലാം ഇനിയുള്ള കാലങ്ങളിൽ മാനവരാശിയുടെ നിലനിൽപ്പിനായുള്ള സമവാക്യങ്ങളായി അംഗീകരിക്കപ്പെടേണ്ടതുണ്ട്.

ഏറെ സങ്കീർണ്ണതകളും അടിയന്തിരസ്വഭാവമുള്ളതുമായ ആഗോളതാപനം പോലുള്ള പ്രതിസന്ധികൾക്ക് വളരെ മൃദുവായ ലളിത പരിഹാരങ്ങൾ ജനകീയ തലത്തിൽ ഉണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നത് മൗഢ്യമാണെന്നേ ആദ്യം തോന്നുകയുള്ളൂ. എന്നാൽ ഭരണാധികാരികളുടെ നടപടികൾ വഴി ഈ പ്രതിസന്ധികൾക്ക് പരിഹാരം ഉണ്ടാവുമെന്ന് കരുതുന്നത് അതിലേറെ മൗഢ്യമാണ്. കാരണം ലളിതമാണ്. ലോകജനത ഒന്നാകെ ആധുനികതയുടെ വർണ്ണപ്പൊലിമയിൽ ആകൃഷ്ടരായി തുടരുന്ന കാലത്തോളം അവരുടെ ഭരണകർത്താക്കൾക്ക് ഈ വർണ്ണപ്പൊലിമയുടേതായ വികസനത്തിന്റെ ചാലുകളിലൂടെയേ തങ്ങളുടെ ഭരണചക്രം ഉരുട്ടാനാവൂ. ലോകരാഷ്ട്രങ്ങളിലെ ഭരണാധികാരികളെ നയിക്കുന്ന പ്രത്യയശാസ്ത്രം മുതലാളിത്തമാണെങ്കിലും,കമ്യൂണിസമാണെങ്കിലും ഈ സ്ഥിതിവിശേഷത്തിന് മാറ്റമുണ്ടാവില്ല. എന്ത്കൊണ്ടെന്നാൽ അവരണ്ടും ആധുനികനാഗരികതയെ താലോലിക്കുന്നവയാണ്. മുതലാളിത്തത്തെഅപേക്ഷിച്ച് കാടുതൽ ജനപക്ഷത്ത് നിൽക്കുമെന്ന് ഇപ്പോഴും ചിലർ പ്രതീക്ഷിക്കുന്ന കമ്യൂണിസ്റ്റ്തത്വശാസ്ത്രത്തിനും ആഗോളതാപനത്തിനിടയാക്കുന്ന ഉൽപാദനശൈലികൾക്കോ, ജീവിതശൈലികൾക്കോ, രാഷ്ട്രീയശൈലികൾക്കോ വദൽ മുന്നേട്ട് വയ്ക്കാൻ കഴിയുന്നില്ല. ഈ പശ്ചാത്തലത്തിൽ ആഗോളതാപനം ചർച്ച ചെയ്യപ്പെടുന്ന ഉച്ചകോടികൾ ഇനിയുമെത്ര നടന്നാലും ജനങ്ങൾ ആധുനിക നാഗരികതയുടെ അന്തഃസാരശൂന്യത മനസ്സിലാക്കാത്തിടത്തോളം കാലം കഴിഞ്ഞവർഷാവസാനം കോപ്പൺഹേഗനിൽ സംഭവിച്ചതിനപ്പുറമൊന്നും നടകക്കുകയില്ല.

മനുഷ്യന് കർത്തവ്യത്തിന്റെ പാത വ്യക്തമാക്കിക്കൊടുക്കുന്ന പെരുമാറ്റ ശൈലിയാണ് ശരിയായ പരിഷ്കാരം എന്ന ഗാന്ധിയുടെ നിർവ്വചനം ഉൾക്കൊള്ളുന്ന ഒരു പരിഷ്കാരത്തിലേക്ക് മാനവരാശിക്ക് മുന്നേറാനാവുമോ? ചരിത്രത്തിലെവിടെയും അങ്ങിനെ സംഭവിച്ചിട്ടില്ലല്ലോ എന്നാവും നമ്മുടെ സംശയം. ഇത്തരം സംശയങ്ങൾക്കും ഹിന്ദ്സ്വരാജിൽ ഉത്തരമുണ്ട്. ചരിത്രത്തിൽ ഇന്നുവരെ സംഭവിക്കാത്തത് ഇനിയും സംഭവിക്കില്ലെന്ന് കരുതുന്നത് മനുഷ്യന്റെ അന്തസ്സിലുള്ള അവിശ്വാസം തന്നെയാണ്. നമ്മുക്ക് മനുഷ്യന്റെ അന്തസ്സിൽ വിശ്വസിച്ചുകൊണ്ട് ശരിയായ പരിഷ്കാരങ്ങൾക്കായി അന്തസോടെ പ്രവർത്തിക്കാം.

***പരപ്പ, വള്ളിക്കടവ്, കാസർഗോഡ്***